**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2235** **06-07-2022 - ൽ മറുപടിയ്ക്ക്**

**അളവ്-തൂക്ക ക്രമക്കേടുകൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. മുരളി പെരുനെല്ലി,<br>ഡോ സുജിത് വിജയൻപിള്ള** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പെട്രോൾ-ഡീസൽ ബങ്കുകളിൽ അളവുപരമായ ക്രമക്കേടുകളുണ്ടോ എന്നറിയാൻ പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; ഇതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്.<br><br>സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് 100 ദിന കർമ്മപരിപാടി യുടെ ഭാഗമായി പ്രത്യേക 'ക്ഷമത'പദ്ധതി നടപ്പാക്കുകയും, പരിശോധനകൾ നടത്തി ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.<br><br>ലോക ഉപഭോക്തൃദിനത്തിൽ ഫ്ലാഗ് ഓഫ് ചെയ്ത 'ക്ഷമത' പദ്ധതിയുടെ ഭാഗമായി 15/03/22 മുതൽ 20/05/22 വരെ 1144 പമ്പുകളിൽ പരിശോധന നടത്തുകയും, 124 പമ്പുകളിൽ ക്രമക്കേട് കണ്ടെത്തി നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങളിൽ അളവ്-തൂക്ക ഉപകരണങ്ങൾ മുദ്ര ചെയ്യാതിരിക്കൽ, അളവ്-തൂക്ക കൃത്രിമം, ബില്ല് നൽകാതിരിക്കൽ തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി ഓപ്പറേഷൻ ജാഗ്രത എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ക്രമക്കേടുകൾ തടയുന്നതിന് പ്രസ്തുത പദ്ധതി സഹായകരമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്.<br><br>സർക്കാരിന്റെ രണ്ടാം 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി ഉപഭോക്തൃദിനത്തിൽ ഫ്ലാഗ്ഓഫ് ചെയ്ത ജാഗ്രത പദ്ധതിയുടെ ഭാഗമായി 15/03/22 മുതൽ 20/05/22 വരെ 50352 വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തി 3864 സ്ഥാപനങ്ങളിൽ ക്രമക്കേട് കണ്ടെത്തി നോട്ടീസ് നൽകിയിട്ടുണ്ട്.<br><br>ജാഗ്രത പദ്ധതി ബോധവത്ക്കരണ പരിപാടി ആയതിനാൽ, ഉപഭോക്തൃ സംരക്ഷണം ഉറപ്പാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും സഹായകരമാണ്. |

സെക്ഷൻ ഓഫീസർ